**കേരള സർക്കാർ**
**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

# സർക്കുലർ

സർക്കുലർ നം.12/2023/ധന തീയതി, തിരുവനന്തപുരം, 31/01/2023

വിഷയം: ധനകാര്യ വകുപ്പ്- വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്ത വിധവ/ 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ ലഭിക്കുന്നവർക്ക് 60 വയസ്സാകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന : സ.ഉ. (എം എസ്) നം.97/2020/ധന. തീയതി 23.09.2020

വിധവാ പെൻഷൻ/ 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ കൈപ്പറ്റിയിരുന്നവരിൽ, വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ പുന:സ്ഥാപിക്കപ്പെടില്ല. അത്തരക്കാർ വിവാഹിത/ പുനർവിവാഹിത അല്ലായെന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ പുന:സ്ഥാപിക്കപ്പെടുകയുള്ളൂ. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നവർക്ക്, തുടർന്നുള്ള വർഷങ്ങളിൽ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ പെൻഷൻ അനുവദിക്കുന്നതാണ്.

മേൽ പ്രകാരമുള്ള പരിഷ്കരണങ്ങൾ 'സേവന'യിൽ വരുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തുന്നു.

**പ്രദീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(നം.1599207/എസ്.എഫ്.സി.ബി2/20/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ